


# രക്ഷകനെ

# കാത്തിരുന്ന ജനം

5

**സീറോ മലബാർ സഭയുടെ വിശ്വാസ**

**പരിശീലന പാഠാവലി.**

പാഠം 11

# ഇസ്രായേലിന്റെ തിരുനാളുകൾ



ദൈവം തങ്ങൾക്കുവേ ചെയ്ത വലിയ കാര്യങ്ങളെ ഓർക്കുവാനും അവയെപ്രതി നന്ദി പ്രകാശിപ്പിക്കാനും തങ്ങളുടെ തെറ്റുകൾക്കു വേ മാപ്പപേക്ഷിക്കുവാനും ഇസ്രായേൽജനം വിവിധ തിരുനാളുകൾ ആചരിക്കാൻ തുടങ്ങി.





# പ്രധാന തിരുനാളുകൾ

## 1. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ.

വിളവെടുപ്പിന്റെ ആരംഭത്തിൽ ദൈവത്തിനു നന്ദി അർപ്പിക്കാൻ ആഘോഷിച്ചിരുന്നതാണിത്. പെസാഹാതിരുനാളിന്റെ പിറ്റേന്നാണു പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആചരിച്ചിരുന്നത്. കാലക്രമേണ പെസഹാത്തിരുനാളും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും ഒരുമിച്ച് ആഘോഷിക്കാൻ തുടങ്ങി (ലേവ്യർ23:5.8)

## 2. പെസഹാതിരുനാൾ:

ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള മോചനത്തിന്റെ ഓർമ്മയായായാണ് ഈ തിരുനാൾ ആചരിച്ചിരുന്നത്. കർത്താവ് മോശയോട് അരുളിചെയ്തു: **'ഇസ്രായേൽ ജനം നിശ്ചിതസമയത്തുതന്നെ പെസഹാ ആഘോഷിക്കണം. ഈ മാസം 14-ാം ദിവസം വൈകുന്നേരം എല്ലാ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ചു നിങ്ങൾ പെസഹാ ആചരിക്കണം'.** (സംഖ്യ 9:1.5)

വർഷം തോറും നീസാൻ മാസം 14-ാം തീയതി വൈകുന്നേരമാണ് ഇസ്രായേൽക്കാർ പെസഹാ ഭക്ഷിച്ചിരുന്നത്.

## 3. കൂടാരതിരുനാൾ:

കർത്താവ് മോശയോട് അരുളിചെയ്തു: **“ഇസ്രായേൽ ജനത്തോടു പറയുക, 7-ാം മാസം 15-ാം ദിവസം മുതൽ ഏഴു ദിവസത്തേക്കു കർത്താവിന്റെ കൂടാരതിരുനാളാണ്... ഏഴു ദിവസത്തേക്കു നിങ്ങൾ കൂടാരങ്ങളിൽ വസിക്കണം.** ഈജിപ്ത് ദേശത്തുനിന്നു ഞാൻ ഇസ്രായേൽ ജനത്തെ കൊണ്ടുവന്നപ്പോൾ അവർ കൂടാരങ്ങളിലാണു വസിച്ചത് എന്നു നിങ്ങളുടെ സന്തതിപരമ്പര അറിയാൻ ഇസ്രായേൽക്കാർ എല്ലാവരും കൂടാരങ്ങളിൽ വസിക്കണം” (ലേവ്യർ 23:33.43).

വിളവെടുപ്പുകാലത്തു കൂടാരങ്ങൾ നിർമ്മിച്ച് അതിൽ വസിച്ചുകൊണ്ടാണ് കൂടാരത്തിരുന്നാൾ ആചരിച്ചിരുന്നത്.

## 4. പന്തക്കുസ്താതിരുനാൾ:

വിളവെടുപ്പ് ആരംഭിച്ചതിന്റെ അമ്പതാം ദിവസമാണ് പന്തക്കുസ്താതിരുനാൾ ആഘോഷിച്ചിരുന്നത്. പന്തക്കുസ്താ = അമ്പതാം ദിവസം. വിളവെടുപ്പുതിരുനാൾ, ആഴ്ചകളുടെ തിരുനാൾ ആദ്യഫലങ്ങളുടെ തിരുനാൾ എന്നീ പേരുകളിൽ അറിയപ്പെടുന്നു.

## 5. പാപപ്പരിഹാര ദിനം:

ഇസ്രായേൽ ജനം ദൈവനിർദ്ദേശപ്രകാരം പാപപ്പരിഹാരദിനം ആചരിച്ചിരു ന്നു. യോംകിപ്പൂർ എന്ന ഹീബ്രു പദം കൊണ്ട് ഈ ദിനത്തെ വിശേഷിപ്പിക്കുന്നത്. ജനങ്ങൾ പരിസ്പരം അനുരഞ്ജനപ്പെടാനും ദൈവത്തോട് മാപ്പപേക്ഷിക്കുവാനുമുള്ള ദിനം.

# സഭയിലെ തിരുനാൾ

| | |
|---|---|
| *ക്രിസ്തുമസ്:* | ഈശോയുടെ ജനനം. ഡിസംബർ 25 |
| *ദനഹാതിരുനാൾ:* | ഈശോയുടെ മാമ്മോദീസാ. ജനുവരി 6 |
| *പെസഹാതിരുനാൾ:* | വിശുദ്ധകുർബാന സ്ഥാപനം അനുസ്മരിക്കുന്നു. |
| *ഉയിർപ്പുതിരുനാൾ:* | തിരുനാളുകളുടെ തിരുനാൾ. ഈശോയുടെ ഉയിർപ്പ്. |
| *സ്വർഗ്ഗാരോഹണതിരുനാൾ:* | ഉയിർപ്പിന്റെ 40-ാം നാൾ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തതിന്റെ ഓർമ്മ. |
| *പെന്തക്കോസ്താ തിരുനാൾ:* | പരിശുദ്ധാത്മാവ് ശ്ലീഹൻമാരുടെ മേൽ എഴുന്നള്ളി വന്ന ദിനം. സഭയുടെഔദ്യോഗിക ഉദ്ഘാടനം. |



# നമുക്കു പ്രാർത്ഥിക്കാം

കർത്താവായ ദൈവമേ, അങ്ങുചെയ്ത അനുഗ്രഹങ്ങളെ അനുസ്മരിച്ച് നന്ദിയർപ്പിച്ച ഇസ്രായേൽക്കാരെപ്പോലെ അങ്ങു ഞങ്ങൾക്കായി നൽകുന്ന അനുഗ്രഹങ്ങൾക്കെല്ലാം നന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ

# നമുക്കു പാടാം



ഓരോതിരുനാളും സന്തോഷദായകം
ഓർമ്മകൾപൂക്കുന്ന പൊൻദിനങ്ങൾ
ഇസ്രയേലാഘോഷപൂർവകമാക്കുന്ന
പെസഹാത്തിരുനാളിങ്ങോർത്തിടാം നാം

കൂടാരത്തിരുനാളിൽ വിളവെടുപ്പിൻ
കാഴ്ചയായർപ്പിക്കുമഘോഷമായ്ഫലം
അമ്പതാംനാളിലോ പന്തക്കുസ്താദിനം
ആഘോഷിക്കാൻ ജനമൊത്തുചേരും

പാപപരിഹാരത്തിരുനാൾദിനത്തിലോ
പങ്കിലചിത്തം വെടിഞ്ഞുതമ്മിൽ
അനുരഞ്ജനത്തിന്റെ വീഥികൾ തേടിടും
അനുതാപപൂർവം ചരിച്ചിടുവാൻ.

ക്രിസ്മസുമീസ്റ്ററും ക്രിസ്തീയജീവിതം
കൺമുന്നിലുന്നതമാക്കിടുന്നു.
തിരുനാളുകൾ താനേയാത്മവിശുദ്ധിക്കു
തിരുനീക്കിടുന്നുവെന്നോർക്ക നമ്മൾ.

## ദൈവവചനം വായിക്കാം, വിവരിക്കാം

**ഇസ്രായേൽജനം പെസഹാത്തിരുനാൾ ആചരിച്ചിരുന്നതെങ്ങനെയെന്ന് വിവരിക്കുക**

## വഴികാട്ടാൻ ഒരു തിരുവചനം

**കർത്താവിന് ഒരു പുതിയ കീർത്തനം ആലപിക്കുവിൻ, അവിടുന്ന് അത്ഭുതകൃത്യങ്ങൾ ചെയ്തിരിക്കുന്നു.**

# എന്റെ തീരുമാനം

**സഭയുടെ തിരുനാളുകളിലും ആഘോഷങ്ങളിലും ഞാൻ ഭക്തിപൂർവം സംബന്ധിക്കും**

# ബോധ്യങ്ങൾ



* പഴയനിയമകാലത്തും പുതിയനിയമ കാലത്തും തിരുനാളുകൾ ആചരിക്കുന്നു്.

* തിരുനാളിന്റെ അർത്ഥം അറിഞ്ഞ് ആചരിക്കുമ്പോൾ ആത്മീയവളർച്ചയ്ക്ക് ഉപകരിക്കും.

# മനോഭാവങ്ങൾ

* തിരുനാൾ ആചരിക്കുന്നതിലൂടെ നാം ദൈവത്തോടുള്ള നന്ദി പ്രകടിപ്പിക്കണം.

* ഓരോ തിരുനാളിന്റെയും അർത്ഥം അറിയാൻ നാം പരിശ്രമിക്കണം.



# ശീലങ്ങൾ

* തിരുനാളുകളിൽ ഞാൻ ഭക്തിയോടെ സംബന്ധിക്കും.





# THANK YOU